പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1737 — 16-06-2014 ൽ മറുപടിയ്ക്ക്

## കള്ളുചെത്ത് വ്യവസായത്തിന്റെ പൊതുസ്ഥിതി

ചോദ്യം

ശ്രീ.കെ.ദാസൻ :

(എ) സംസ്ഥാനത്തെ കള്ളുചെത്ത് വ്യവസായത്തിന്റെ പൊതുസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; ജസ്റ്റിസ് രാമചന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്നത് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലെന്നും, വീര്യം കുറഞ്ഞ കള്ളുപോലുള്ള പാനീയങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടതെന്ന കമ്മിഷന്റെ അഭിപ്രായത്തോട് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(സി) കള്ളുചെത്ത് വ്യവസായത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) വ്യവസായത്തെ സംരക്ഷിക്കുന്നതിന് കള്ള് വ്യവസായ വികസന ബോർഡ് എന്ന ആവശ്യം പരിഗണിക്കുമോ?

ഉത്തരം

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

(എ)-യും, (ബി)-യും

പരമ്പരാഗത തൊഴിൽ എന്ന നിലയിൽ കള്ളുവ്യവസായത്തെയും അതിൽ പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ നയം. ജസ്റ്റിസ് രാമചന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചത് ലോക്സഭാ തിരെഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനു ശേഷം മാത്രമാണ്. അതുകൊണ്ടുതന്നെ ടി റിപ്പോർട്ടിന്മേൽ നികുതി വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് സർക്കാരിന്റെ പരിശോധനയിലാണ്.

(സി) സംസ്ഥാനത്ത് കള്ള്ചെത്ത് വ്യവസായം തകർച്ചയിലാണെന്ന് സർക്കാർ കരുതുന്നില്ല. പരമ്പരാഗത, തൊഴിലധിഷ്ഠിതമായ ഒരു വ്യവസയാമെന്ന നിലയിൽ കള്ള് വ്യവസായത്തെയും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം.

കള്ള് മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും തൊഴിലുറപ്പു വരുത്തുന്നതിനുമായി നിലവിൽ ഷാപ്പ് നടത്തിവരുന്ന ലൈസൻസികൾക്ക് മുൻഗണന നൽകി, ഗ്രൂപ്പുകളായി തിരിച്ച് മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി 3 വർഷത്തേക്ക് ഒന്നിച്ച് ലൈസൻസിംഗ് സമ്പ്രദായത്തിലൂടെ കള്ളുഷാപ്പുകൾ വിൽപ്പന നടത്തി വരുന്നു.

(ഡി) പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ